# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2332** 17.**08.2017**-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാർക്ക് സാമൂഹ്യക്ഷേമ പരിപാടികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കിയ സാമൂഹ്യക്ഷേമ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **1. അധിക ധനസഹായമായി നൽകുന്ന പദ്ധതി**<br>പട്ടികജാതി വികസന വകുപ്പ മുഖേന 2007-08 മുതൽ 2013-14 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ചവരിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാകാതെ ദീർഘകാലമായി അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിശ്ചിതഘട്ടം പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ നിശ്ചിത ഗഡു തുക 2 ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**2.പഠനമുറി**<br>സർക്കാർ എയ്ഡഡ് ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് ഒരു പഠനമുറി നിർമ്മാണം നടത്തുന്നതിന് 2 ലക്ഷം രൂപ വീതം അനുവദിക്കുന്ന ഒരു പദ്ധതി വകുപ്പ് 2017-18 ൽ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.<br>**3. വാത്സല്യനിധി**<br>പട്ടികജാതി ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ച് വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം സർക്കാറിന്റെ പരിഗണനയിലാണ്.<br>4. **പട്ടികജാതിവിഭാഗത്തിൽപ്പെട്ട** ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലാണ് ഈ സാമ്പത്തിക വർഷം ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചി ട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>**5. <u>വിവാഹ ധനസഹായം</u>**<br>വിവാഹ ധനസഹായ പദ്ധതിയുടെ തുക 50,000/-രൂപയിൽ നിന്നും 75,000/-രൂപയായും വരുമാനപരിധി 50,000/-രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>**6. <u>മിശ്ര വിവാഹ ധനസഹായം</u>**<br>മിശ്ര വിവാഹ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച് നൽകിവരുന്ന തുകയായ 50,000/- രൂപ 75,000/-രൂപയായും, വരുമാനപരിധി 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>**7. <u>ചികിത്സാ ധനസഹായ പദ്ധതി</u>**<br>ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വരുമാനപരിധി 50,000/- രൂപയിൽ നിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>**8. <u>ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുകയുടെ വർദ്ധനവ്</u>**<br>വകുപ്പിന്റെ കീഴിലുള്ള നഴ്സറി സ്കൂളിൽ പഠിക്കുന്നവർക്കും സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും നൽകി വരുന്ന ലംപ്സം ഗ്രാന്റും, സ്റ്റൈപന്റും 25% നിരക്കിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.. 50% ആയി ഉയർത്തുന്നകാര്യം പരിഗണനയിലാണ്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | **1. <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>**<br>പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3,75,000/-രൂപയും മുൻസിപ്പൽ പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 4,50,000/-രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.<br>**2. <u>ദുർബല വിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതി</u>**<br>ടി പദ്ധതി പ്രകാരം 50,000/-രൂപ വരെ വാർഷിക വരുമാനമുള്ള വേടൻ, നായാടി, ചക്ലിയ, അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനായി 3,75,000/-രൂപയും ഭവന നിർമ്മാണത്തിന് 3,50,000/-രൂപയും അനുവദിച്ചു നൽകി വരുന്നു. |
| (സി) | ജീർണ്ണിച്ച വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും ഒരു മുറികൂടി പുതിയതായി പണിയിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. പട്ടികജാതി വിഭാഗക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000/-രൂപ ധനസഹായമായി നൽകിവരുന്നു. ടി തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ